

## ക്രിസ്തുരാജൻ നീണാൾ വാഴട്ടെ!

ക്രിസ്തുരാജൻ നീണാൾ വാഴട്ടെ! മറിയത്തിന്റെ വിമലഹൃദയം നീണാൾ വാഴട്ടെ! ആ ധീരാത്മാക്കൾ പാടി. പാപം ചെയ്യുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാണ് എന്നതായിരുന്നു അവരുടെ ദൃഢനിശ്ചയം. ഈ സമർപ്പണം നമുക്കും പ്രവൃത്തിപഥത്തിലെത്തിക്കാം. അവർ തങ്ങളുടെ വിശ്വാസം രക്തസാക്ഷിത്വത്തിലൂടെ പ്രഘോഷിച്ചവരാണ്. ക്രിസ്തുകേന്ദ്രീകൃത ജീവിതത്തിലൂടെ ദൈവവിളിയെ പരിപോഷിപ്പിച്ച് ദൈവികപദ്ധതി അനുദിനം തിരിച്ചറിഞ്ഞ് ദൈവരാജ്യത്തിനായ് നമ്മുടെ ഹൃദയവും മനസ്സും ഈശോയ്ക്ക് സമർപ്പിക്കാം. തങ്ങളെ വധിച്ചവരുടെ ആയുധങ്ങളെ നേരിടാൻ അവരെ സഹായിച്ചത് അവരുടെ ഗാർഹികാടിസ്ഥിത വിശ്വാസാനുഭവങ്ങളായിരുന്നു. ഇത് അവരെഴുതിയ രക്തസാക്ഷി ദിനവൃത്താന്തങ്ങളിൽ നിന്ന് വ്യക്തമാണ്.

സെമിനാരി ജീവിതം പരസ്പര ഐക്യത്തിലേയ്ക്കും, പ്രേഷിതവേലയിലേയ്ക്കും, ദൈവാശ്രയബോധത്തിലേയ്ക്കും അവരെ നയിച്ചു. സുദൃഢമായ സമൂഹജീവിതമായിരുന്നു ഏറ്റം വേദനാജനകമായ അവസരങ്ങളിൽ പോലും അവരെ ഒന്നിപ്പിച്ചു നിർത്തിയ ഘടകം. ജീവൻ കൊടുത്താലും തങ്ങൾക്കു ലഭിച്ച ദൈവവിളി നഷ്ടപ്പെടുത്തുവാൻ അവർ ആഗ്രഹിച്ചില്ല. അവരുടെ ദൈവവിശ്വാസവും, സമർപ്പണവും, ദൈവസ്നേഹവും, പ്രത്യാശയും ശത്രുവിനോടുള്ള ക്ഷമയും അതിശയത്തക്കതായിരുന്നു. യഥാർത്ഥ ശക്തിയും സമാധാനവും ക്രിസ്തുവിലാണ് അവർ കണ്ടെത്തിയത്.

സ്നേഹസമ്പന്നനായ ദൈവം ആ ധീരാത്മാക്കൾക്ക് നല്കിയ അനുഗ്രഹങ്ങളെ അനുസ്മരിക്കുകയും ദൈവത്തിന് നന്ദിയർപ്പിക്കുകയും ചെയ്യുമ്പോൾ നമ്മുടെ അവസ്ഥയെപ്പറ്റി ചിന്തിക്കുന്നത് നല്ലതാണ്. ഞാനെന്റെ ദൗത്യം പൂർണ്ണമായി ചെയ്യുന്നുണ്ട് എന്നാശ്വസിച്ചതുകൊണ്ട് മതിയോ? അവർ ചിന്തിയ രക്തം നമ്മെയും പ്രേരിപ്പിക്കുന്നത് അവരുടെ പ്രേഷിത ലക്ഷ്യങ്ങളിലേയ്ക്കല്ലെ?

യേശുവിന്റെ ജീവിതവും മരണവും ഉത്ഥാനവും വഴി നമുക്ക് ലഭിച്ചിരിക്കുന്ന ജീവന്റെ സന്ദേശം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാൻ യേശുനാഥൻ വിശ്വാസികളായ നമ്മെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വിശ്വാസികളാകുന്നതിലൂടെ നാം ദൈവത്തിന്റെ ദൂതരായി മാറുന്നു. എനിക്ക് പങ്കുവയ്ക്കുവാനൊന്നുമില്ല എന്നു ചിന്തിക്കുന്നവരുണ്ടാകാം. നാമെല്ലാം ദൈവാനുഭവ കലവറകളാണ്. ദൈവസന്നിധിയിലേക്ക് മറ്റുള്ളവരെയും കൊണ്ടുവരണമെന്ന് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നു.

വ്യക്തി ജീവിതത്തിലെ യേശു അനുഭവം പങ്കുവെയ്ക്കുക. നിങ്ങൾ എന്തായിരുന്നു? യേശു എങ്ങനെയാണ് നിങ്ങളുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കിയത്? ഈ സാക്ഷ്യം വളരെ പ്രാധാന്യമുള്ളതാണ്. നിങ്ങളുടെ ദൈവാനുഭവം അനന്യമാണ്, മറ്റൊരാൾക്കും അതു പങ്കുവയ്ക്കാനാവില്ല. നിങ്ങളുടെ ദൈവാനുഭവം ദൈവം നിങ്ങൾക്കു നൽകുന്ന പാഠമാണ്, രക്ഷാചരിത്രമാണ്. ദൈവാനുഭവം നിങ്ങളുടെ ഭവനങ്ങളിലും, ജോലിസ്ഥലങ്ങളിലും, യാത്ര ചെയ്യുമ്പോഴും, കളിക്കുമ്പോഴും നിങ്ങളായിരിക്കുന്ന എല്ലാ ഇടങ്ങളിലും പങ്കുവച്ചില്ലെങ്കിൽ ആര് നിങ്ങളുടെ സ്ഥാനം ഏറ്റെടുക്കും? ഒരു പക്ഷെ രക്തരഹിതമായ സാക്ഷ്യമായിരിക്കാം യേശു ഇന്ന് നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്. അവിടുത്തെ സ്നേഹിക്കുന്നെങ്കിൽ, വിശ്വസിക്കുന്നെങ്കിൽ നമ്മളും സാക്ഷ്യം നല്കണം.

ക്ലരീഷ്യൻ ജ്യോതിയുടെ ഈ ലക്കം വളരെ സന്തോഷത്തോടെ സമർപ്പിക്കുകയാണ്. ഇതിന്റെ ഇതളുകളിൽ ക്ലരീഷ്യൻ രക്തസാക്ഷികളെയും, സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെയും വിവരിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകൾ, പ്രോത്സാഹനങ്ങൾ, സഹകരണങ്ങൾ എല്ലാം ഏറെ നന്ദിയോടെ സ്മരിക്കുന്നു. സർവ്വേശ്വരൻ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തറഗോണയിലെ പുണ്യ സഹോദരർ നിങ്ങൾക്ക് പ്രചോദനം നല്കട്ടെ.

പ്രാർത്ഥനയോടെ ഏറെ സ്നേഹപൂർവ്വം
യേശുവിൽ നിങ്ങളുടെ സഹോദരൻ
**ഫാ. ജോർജ് കൊല്ലംപറമ്പിൽ**